പതിനാലാം കേരള നിയമ സഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4747 — 14.11.2019- ൽ മറുപടിക്ക്

**തൃശ്ശൂർ ജില്ലയിലെ ഗോതുരുത്ത്-കരുപ്പടന്ന പാലം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ: | | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | 2016-17 -ലെ ബജറ്റിലൂടെ പ്രഖ്യാപിച്ച തൃശ്ശൂർ ജില്ലയിലെ ഗോതുരുത്ത് -കരുപ്പടന്ന പാലവുമായി ബന്ധപ്പെട്ട ഫയലിന്റെ നിലവിലെ സ്ഥിതി എന്താണെന്നറിയിക്കാമോ; | (എ) | ടെൻന്റേറ്റീവ് ഡിസൈൻ പ്രകാരം 13.930 കോടി രൂപയുടെ കിഫ്ബി ഫിനാൻഷ്യൽ സാങ്ഷൻ ലഭിക്കുകയും അംഗീകൃത അലൈൻമെന്റ് പ്രകാരം ഏറ്റെടുക്കേണ്ട സ്ഥലത്തിന്റെ അതിരുകൾ ബൗണ്ടറി സ്റ്റോൺസ് ഫിക്സ് ചെയ്യുന്നതിനായി പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. അതിൽ ഗോതുരുത്ത് ഭാഗത്തെ സർവ്വേ പ്രവൃത്തികൾ പൂർത്തിയായിട്ടുള്ളതാണ്. |
| (ബി) | പ്രസ്തുത ഫയൽ നടപടികൾ അതിവേഗത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (ബി) | ഫയൽ നടപടികൾ വേഗത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ഈ പാലവുമായി ബന്ധപ്പെട്ട് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; വിശദമാക്കാമോ? | (സി) | പാലം പ്രവൃത്തിക്കായി ആവശ്യമുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾക്ക് മുന്നോടിയായി കരുപ്പടന്ന ഭാഗത്തെ സർവ്വേ പ്രവൃത്തികളും ബൗണ്ടറി സ്റ്റോൺസ് ഫിക്സ് ചെയ്യലും ആരംഭിച്ചപ്പോൾ തദ്ദേശവാസികൾ ഇരുഭാഗത്തെയും വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ മേൽ പ്രവൃത്തി തടയുകയുണ്ടായി. കരുപ്പടന്ന ഭാഗത്തു ഒരു ഇരുനില വീട് മുഴുവനായും, ഒരു വീടിന്റെ കോർണർ ഭാഗവും നിലവിലുള്ള അംഗീകൃത അലൈൻമെന്റ് പ്രകാരം |

ബാധിതമാകുന്നുണ്ട്. ആയതുകൊണ്ട് അനുയോജ്യമായ രീതിയിൽ അലൈൻമെന്റ് മാറ്റിയാൽ മാത്രമേ ആ പ്രദേശത്ത് മേൽ പ്രവൃത്തി നടത്തുവാൻ സാധിക്കുകയുള്ളൂ എന്നാണ് അവരുടെ നിലപാട്. പ്രദേശവാസികളുടെ ശക്തമായ എതിർപ്പ് മൂലം മേൽ പ്രവൃത്തി നടത്തുന്നതിനു ബുദ്ധിമുട്ടുള്ളതിനാലും, തൊഴിലാളികളുടെയും ടെക്നീഷ്യന്മാരുടെയും ജോലി ദിവസങ്ങൾ പാഴാവുന്നതിനാലും, പ്രശ്നപരിഹാരം അനിശ്ചിതമായി നീളുന്നതിനാലും മേൽ പ്രവൃത്തിയുടെ കരാർ അവസാനിപ്പിച്ച് മേൽ പ്രവൃത്തിയിൽ നിന്നും ഒഴിവാക്കണമെന്ന് കരാറുകാരൻ ആവശ്യപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ